(ബി) പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(സി) കഴിഞ്ഞ രണ്ടുവർഷങ്ങളായി ഈ പദ്ധതിയിൽ പുതുതായി ഒരു കോളനിയെയും ഉൾപ്പെടുത്താതിരുന്നതെന്തുകൊണ്ടാണ്, പദ്ധതി ഉപേക്ഷിച്ചോ?

ഉത്തരം

(എ) പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല. 2008-ലെ കിലയുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികൾ കണ്ടെത്തുകയും പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ 2012-13 വർഷം 114 കോളനികളെയും രണ്ടാം ഘട്ടത്തിൽ 2013-14 വർഷം 102 കോളനികളെയും തെരഞ്ഞെടുത്തിരുന്നു. എന്നാൽ 2012-13 വർഷം തെരഞ്ഞെടുത്ത 114 കോളനികളിൽ ഒരു കോളനിയിലെ വികസന പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ നിറുത്തിവച്ചിരിക്കുകയാണ്. ആകെ 215 കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ടി കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കോളനികളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി&സി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുത്ത 215 കോളനികളിലെ വികസന പ്രവർത്തനങ്ങൾ ടി കോളനികളിലെ തർക്കങ്ങൾ കാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയായതിനുശേഷം പുതിയ കോളനികളിൽ നടപ്പിലാക്കിയാൽ മതിയെന്ന് തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം

234 (2514) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പട്ടികജാതി വകുപ്പുവഴി ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുള്ള എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വന്നതിനുശേഷം എസ്.സി.പി. ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ചെലവഴിക്കാത്ത ഫണ്ട് അടുത്ത വർഷത്തെ ബജറ്റിൽ വകയിരുത്താൻ നേരത്തേ ഉണ്ടായിരുന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് 2011-12-ൽ 647.42 കോടിരൂപയും 2012-13-ൽ 739.46 കോടിരൂപയും 2013-14-ൽ 828.2 കോടിരൂപയും 2014-15-ൽ 927.58 കോടിരൂപയും 2015-16-ൽ 927.58 കോടിരൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നും പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

മുഖാരി-മൂവാരി സമുദായം

235 (2515) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഖാരി/മൂവാരി സമുദായാംഗങ്ങളിലെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഖാരി/മൂവാരി സമുദായാംഗങ്ങളിലെ വിദ്യാർത്ഥികളെക്കൂടി പ്രീമെട്രിക് സ്കോളർഷിപ്പിന് പരിഗണിക്കാൻ 4-2-2016-ലെ സ.ഉ. (സാധാ) നം. 09/2016/പിസവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly